ഉത്തരം

(എ) ഉണ്ട്. എല്ലാ ജില്ലകളിലും ഇതിനായി ഡ്രഗ്സ് ഇൻസ്പെക്ടർമാർ പ്രത്യേക പരിശോധനകൾ നടത്തിവരുന്നുണ്ട്.

(ബി) വൈറ്റമിൻ ബി1, ബി6, ബി12 എന്നിവയുടെ ചേരുവകൾ, ഹാലോപെരിഡോൾ ട്രൈഹെക്സി ഫെനിഡയിൽ എന്നിവയുടെ ചേരുവകൾ, ഡൈപ്രോ ഫെപ്റ്റഡിൻ, ലൈസിൻ എന്നിവയുടെ ചേരുവകൾ, ഫിനോബാർബിറ്റോൺ, സാൽബുട്ടാമോൾ എന്നിവയുടെ ചേരുവകൾ, സാലിഡിക്സിക് ആസിഡ്, മെട്രോനിഡാസോൾ എന്നിവയുടെ ചേരുവകൾ തുടങ്ങിയവ സംസ്ഥാനത്ത് വില്പന നടത്തിയതായി കണ്ടുപിടിച്ചിട്ടുണ്ട്.

(സി & ഡി) രണ്ട് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അഹമ്മദാബാദിലെ ടോറന്റ് ഫാർമസ്യൂട്ടിക്കൽസിനെതിരെയും ഇൻഡോറിലെ ജെ. കെ. സർജിക്കൽസ് ആന്റ് ഫാർമസ്യൂട്ടിക്കൽസ്, എറണാകുളത്തെ വിഘ്നേഷ് ഫാർമ എന്നിവർക്കെതിരെയും കേസെടുത്തിട്ടുണ്ട്. കൂടാതെ നിരോധിച്ചിട്ടുള്ള മരുന്നുകൾ നിശ്ചിത തീയതിക്ക് ശേഷം വില്പന നടത്തിയ റീട്ടെയിൽ വ്യാപാരികളുടെ പേരിൽ വകുപ്പുതല നടപടികളും സ്വീകരിച്ചിട്ടുണ്ട്. കോടതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളിൽ നടപടികൾ തുടർന്നു വരുന്നു.

സെൻട്രൽ പർച്ചേസിംഗ് കമ്മിറ്റി മുഖേന മരുന്ന് ലഭ്യമാക്കാൻ നടപടി

148 [149] ശ്രീ. സ്റ്റീഫൻ ജോർജ്:

,, തോമസ് ഉണ്ണിയാടൻ:

,, ജോസഫ് എം. പുതുശ്ശേരി:

ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ അത്യാവശ്യം വേണ്ടുന്ന മരുന്നുപോലും ലഭിക്കുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സെട്രൽ പർച്ചേസിംഗ് കമ്മിറ്റികൾ ഡി. എച്ച്. എസ്. സ്റ്റോറുകളിലേക്ക് ആവശ്യമുള്ള മരുന്നുകൾ വാങ്ങാത്തതിന്റെ കാരണങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) കഴിഞ്ഞ വർഷം സെൻട്രൽ പർച്ചേസിംഗ് കമ്മിറ്റി മുഖേന എത്ര കോടി രൂപയ്ക്കുള്ള മരുന്നാണ് വാങ്ങിയത്;

(ഡി) ഈ വർഷം എത്ര കോടി രൂപയുടെ മരുന്ന് വാങ്ങി;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ആശുപത്രി വികസന സമിതി മുഖേന വാങ്ങുന്ന മരുന്നുകൾ മാത്രമേ സർക്കാർ ആശുപത്രികളിൽ ഇപ്പോൾ ലഭ്യമാകുന്നുള്ളൂ എന്ന വസ്തുത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(എഫ്) പർച്ചേസിംഗ് കമ്മിറ്റി മുഖേന വാങ്ങുന്ന മരുന്നുകളേക്കാൾ വലിയ വില നൽകിയാണ് എച്ച്. ഡി. സി. മുഖേന മരുന്നു വാങ്ങുന്നതെന്ന വസ്തുത മനസ്സിലാക്കി അടിയന്തിരമായി സെൻട്രൽ പർച്ചേസിംഗ് കമ്മിറ്റി മുഖേന മരുന്നുകൾ വാങ്ങി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) സർക്കാർ ആശുപത്രികളിൽ അത്യാവശ്യ മരുന്നുകൾ ഇല്ലാത്ത അവസ്ഥ നിലവിലില്ല.

(ബി) ഡി. എച്ച്. എസ്.-ന്റെ നിയന്ത്രണത്തിലുള്ള എല്ലാ സ്റ്റോറുകളിലേക്കും ആവശ്യമായ മരുന്നുകൾ വാങ്ങി നൽകിയിട്ടുണ്ട്.

(സി) 2002-2003-ൽ ഉദ്ദേശം 53 കോടി രൂപയുടെ മരുന്ന് വാങ്ങിയിട്ടുണ്ട്.

(ഡി) ഈ വർഷം ഇതുവരെ ഏകദേശം 30 കോടി രൂപയ്ക്കുള്ള മരുന്ന് വാങ്ങിയിട്ടുണ്ട്.

(ഇ) ഇത്തരം സാഹചര്യം നിലവിലില്ല.

(എഫ്) സെൻട്രൽ പർച്ചേസിംഗ് കമ്മിറ്റി മുഖേന മരുന്നുകൾ വാങ്ങി നൽകിയിട്ടുണ്ട്. തുടർന്നും ആവശ്യാനുസരണം വാങ്ങി നൽകുന്നതാണ്.

മരുന്നു വാങ്ങിയതിൽ ക്രമക്കേടുകൾ

149 [150] ശ്രീ. എൻ. രാജൻ:

,, പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ആരോഗ്യ വകുപ്പിന്റെ കീഴിൽ മരുന്ന് വാങ്ങിയതിൽ ക്രമക്കേടുകൾ ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം വർഷങ്ങളിൽ ഏതെല്ലാം ഇനം മരുന്നുകൾ വാങ്ങിയതിലാണ് ക്രമക്കേടുകൾ കണ്ടെത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) കാലാവധി കഴിഞ്ഞ എത്ര ഇനം മരുന്നുകൾ ഇപ്പോൾ ആരോഗ്യ വകുപ്പിന്റെ കൈവശമുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് മരുന്നുക്ഷാമം പരിഹരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly